പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 1303

20.01.2014 ൽ
മറുപടിക്ക്

## ചേലക്കര മണ്ഡലത്തിലെ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതി

| ചോദ്യം<br>ശ്രീ.കെ.രാധാകൃഷ്ണൻ : | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| --- | --- |
| (എ) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) സർക്കാർ അധികാരമേറ്റശേഷം ചേലക്കര മണ്ഡലത്തിൽ 30-09-13-ലെ GO(Ms) 423/13/RD ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ പദ്ധതികളാണുള്ളത്. അവ ചുവടെ ചേർക്കുന്നു.<br>(1) പാഞ്ഞാർ പഞ്ചായത്തിൽ പള്ളിക്കടവിനും, തൊഴുപ്പാടത്തിനുമിടയിൽ ഭാരതപ്പുഴയുടെ ഇടതുകര സംരക്ഷണം (റീച്ച് 1)<br>(2) പാഞ്ഞാർ പഞ്ചായത്തിൽ പള്ളിക്കടവിനും, തൊഴുപ്പാടത്തിനുമിടയിൽ ഭാരതപ്പുഴയുടെ ഇടതുകര സംരക്ഷണം (റീച്ച് 2)<br>(3) കൊണ്ടാഴി പഞ്ചായത്തിൽ വേലൂർക്കടവിന്റെ മേൽഭാഗത്തും താഴെയും ഭാരതപ്പുഴയുടെ ഇടതുകര സംരക്ഷണം<br>(4) ദേശമംഗലം പഞ്ചായത്തിൽ പഴയ സബ് സർഫസ് ഡാമിന് സമീപം ഭാരതപ്പുഴയുടെ ഇടതുകര സംരക്ഷണം. |
| (ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയായവ ഏതെല്ലാമാണെന്നും എല്ലാ പദ്ധതികളും പൂർത്തിയാക്കുവാൻ കാലതാമസമുണ്ടാകുന്നതിനുള്ള കാരണങ്ങളും വ്യക്തമാക്കാമോ ; | **(ബി)** പ്രസ്തുത പദ്ധതികളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചതായി തൃശ്ശൂർ അഡീഷണൽ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

(സി) സമയബന്ധിതമായി കാലതാമസം കൂടാതെ പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(സി) പ്രസ്തുത പദ്ധതികൾ കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് തൃശ്ശൂർ അഡീഷണൽ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

Sreelekha T.P
സെക്ഷൻ ഓഫീസർ